**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366** **08-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ അഭിഭാഷകന്റെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. P. Rajeeve**<br>**(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ സംസ്ഥാനത്ത് കേസുകളിൽ കുറ്റപത്രം സമർപ്പിക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശം സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | അന്വേഷണം പൂർത്തിയാക്കിയ ക്രൈം കേസുകളിൽ കുറ്റപത്രം തയ്യാറാക്കുമ്പോൾ അനിവാര്യമായ സാഹചര്യങ്ങളിൽ സർക്കാർ അഭിഭാഷകന്റെ ഉപദേശം പരിഗണിക്കാറുണ്ട്. |
| (ബി) | പല കേസുകളിലും കുറ്റപത്രത്തിലെ പഴുതുകൾ ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപെടുന്ന സാഹചര്യമുള്ളതിനാൽ കുറ്റപത്രങ്ങൾ തയ്യാറാക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശം കൂടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | അന്വേഷണം പൂർത്തിയാക്കിയ ക്രൈം കേസുകളിൽ കുറ്റപത്രം തയ്യാറാക്കുമ്പോൾ അനിവാര്യമായ സാഹചര്യങ്ങളിൽ സർക്കാർ അഭിഭാഷകന്റെ ഉപദേശം പരിഗണിക്കാറുണ്ട്. |
| (സി) | കുറ്റപത്രം തയ്യാറാക്കുമ്പോൾ കൃത്യമായ നിയമോപദേശം നൽകുന്നതിനായി ഓരോ ഡി.വൈ.എസ്.പി. മാരുടെയും കീഴിൽ സർക്കാർ അഭിഭാഷകന്റെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | കേസന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിയമോപദേശം നൽകുന്നതിനായി ഓരോ ജില്ലയിലും ഒരു പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറേയും ഒരു അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറേയും പ്രത്യേകമായി നീക്കിവെക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ